നെയ്യാറിൻകര മുനിസിപ്പൽ സ്റ്റേഡിയം

692. [972] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറിൻകര മുനിസിപ്പൽ ടൗണിൽ ഒരു സ്റ്റേഡിയം പണിയുന്നതിനുവേണ്ടി സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ';

(ബി) ഉണ്ടെങ്കിൽ അതിലേക്കുള്ള നടപടികൾ ഏതു വരെയായിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. നിലവിലുള്ള നിയമം അനുസരിച്ച് സ്ഥലം സ്വന്തമായുള്ള മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ സ്കൂളുകൾ, കോളേജുകൾ, സ്പോർട്ട്സ് ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കു മാത്രമേ സ്റ്റേഡിയം നിർമ്മിക്കുന്നതിൽ കേരളാ സ്പോർട്ട്സ് കൗൺസിലിൽ നിന്നും ധനസഹായം നൽകുകയുള്ളൂ. സ്ഥലം പൊന്നും വിലയ്ക്കെടുത്തു സ്റ്റേഡിയം നിർമ്മിക്കുന്നതിനു പദ്ധതി നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

II. ശ്രദ്ധക്ഷണിക്കൽ

(1) ഇടുക്കി ജില്ലയിലെ തങ്കമണിയിലുണ്ടായ പോലീസ് വെടിവയ്പ്

ശ്രീ. എം. ജിനദേവൻ : സർ, ഇടുക്കി ജില്ലയിലെ കാമാക്ഷി പഞ്ചായത്തിലെ തങ്കമണി എന്ന സ്ഥലത്ത് ഇക്കഴിഞ്ഞ 22-ാം തീയതി ഉണ്ടായ പോലീസ് വെടിവയ്പിൽ കോഴിമല ഇബ്രാഹിം എന്ന അറുപതുകാരൻ കൊല്ലപ്പെടുകയും മറ്റനേകം പേർക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്ത സംഭവം ഈ നിയമസഭ ചർച്ച ചെയ്തിട്ടുള്ളതാണ്. വെടിവയ്പിനുശേഷം അന്നേദിവസം രാത്രി 11 മണിയോടുകൂടി തങ്കമണിയിൽ എത്തിയ മുന്നൂറോളം പോലീസുകാർ അവിടെ ചെയ്തുകൂട്ടിയ വിക്രിയകളും അതിക്രമങ്ങളും വിവരണാതീതമാണ്. ആ ഗ്രാമം ആകെ അക്ഷരാർത്ഥത്തിൽ ഇളക്കിമറിച്ചു. തങ്കമണി ടൗണിലും പരിസരപ്രദേശങ്ങളിലുമുള്ള മുഴുവൻ വീടുകളും കടകളും ആ രാത്രിയിൽ പോലീസ് റെയ്ഡ് ചെയ്തു. 81 ആളുകളെ ആ രാത്രിയിൽ പോലീസ് കസ്റ്റഡിയിലെടുത്തു. അവരെയെല്ലാം ഭീകരമായി മർദ്ദിച്ചു. പല ബാച്ചുകളായി ആണ് പോലീസ് വീടുകൾ പരിശോധിക്കാൻ പോയത്. അടഞ്ഞുകിടന്ന വീടുകളുടേയും കടകളുടേയും വാതിലുകൾ ചവിട്ടിപ്പൊളിച്ച് അകത്ത് കടന്ന് കണ്ണിൽക്കണ്ടതെല്ലാം നശിപ്പിക്കുകയും വിലപിടിപ്പുള്ള സാധനങ്ങൾ കവർച്ച ചെയ്യുകയും ചെയ്തു. സർ, യുവതികളെമാറ്റി നിർത്തി ചോദ്യം ചെയ്യുകയും കവിളത്ത് കടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്യുക എന്നത് പോലീസിന്റെ ക്രൂരവിനോദമായിരുന്നു സർ, അവിടെ. അമ്മമാരേയും സഹോദരിമാരേയും കൊച്ചുകുട്ടികളെപ്പോലും അപമാനിക്കുകയും മർദ്ദിക്കുകയും ചെയ്തു. പടിയറ അന്തോണിയുടെ വീട്ടിൽനിന്നും പതിനായിരം രൂപയും ഒരു റിസ്റ്റ്വാച്ചും പോലീസ് തട്ടിയെടുത്തുകൊണ്ടുപോയി. മറ്റൊരു വീട്ടിൽനിന്നും പത്തുപവന്റെ സ്വർണ്ണാഭരണങ്ങൾ തട്ടിയെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly